**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **30-09-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം നൽകാമെന്ന തീരുമാനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണ് ഉള്ളത്. ടി ആശുപത്രിയിൽ ആഴ്ചയിൽ രണ്ട് ദിവസം ഒ പി , മറ്റ് ദിവസങ്ങളിൽ ഡയാലിസിസ് , സർജറി എന്നീ സേവനങ്ങൾക്ക് പ്രസ്തുത ഡോക്ടറുടെ സേവനം നിലവിൽ ലഭിക്കുന്നുണ്ട്. ആർദ്രം മാനദണ്ഡ പ്രകാരം ജില്ലാ /ജനറൽ ആശുപത്രികളിൽ മാത്രമാണ് നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. ഘട്ടം ഘട്ടമായി എല്ലാ മേജർ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ